# *ചിരിച്ചു ചിരിച്ചു മരിക്കുമ്പോൾ*

**(ന്യു യോർക്കിലെ *വിചാരവേദിയിൽ* ചെയ്‌ത പ്രഭാഷണത്തിൽ നിന്ന്. സന്ദർഭം: ഹാസസാഹിത്യത്തെക്കുറിച്ചും, ശ്രീ. ജോസ് ചെരിപ്പുറത്തിന്റെ "അളിയന്റെ പടവലങ്ങ" എന്ന കൃതിയെ പരാമർശിച്ചും നടന്ന ചർച്ച)**

*{ജാഗ്രത: പ്രായപൂർത്തിയെത്തിയ വായനക്കാർക്കു മാത്രം!}*

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

***... അമേരിക്കയിലെ ഹാസ്യസാഹിത്യകാരന്മാരിലെ പ്രമുഖനെ ഒന്നാം ബെഞ്ചിൽ ഒന്നാമനാക്കി പ്രതിഷ്ഠിക്കാനുള്ള വോട്ടെടുപ്പിൽ, രണ്ടു പേർക്ക് തുല്യ വോട്ട് കിട്ടുകയാണെങ്കിൽ, എന്റെ കാസ്റ്റിങ് വോട്ട് ശ്രീ. ജോസ് ചെരിപ്പുറത്തിനുള്ളതായിരിക്കും ...***

## 1
## ഹാസ്യമെന്ന സാഹസം

ചിരിപ്പിക്കൽ വളരെ ശ്രമകരമാണ് --- എഴുത്തിലായാലും; അഭിനയത്തിലായാലും. സ്വാഭാവികമായി ചലിക്കാത്ത ചിരിയുടെ മാലപ്പടക്കം പൊട്ടാതെ ചൂറ്റിപ്പോകുന്നു. ആരെ ചിരിപ്പിക്കുന്നുവെന്നതും പ്രധാനമാണ്: വെറുതെ കണ്ണുപൊത്തി ഒളിച്ചു കളിച്ചാൽ, ഗോഷ്ഠി കാട്ടിയാൽ മാത്രം മതി, ശിശു ചിരിക്കും; ഇക്കിളിപ്പെടുത്തിയാൽ ബാലനും ബാലികയും. വലുതാകുന്തോറും, ദേഹമരം പൂക്കാനും കായ്ക്കാനും തയ്യാറെടുക്കുമ്പോൾ, അശ്ലീലത്തിന്റെ ആശ്ലേഷം വാക്കുകളിൽ പാത്തും പതുങ്ങിയും പ്രത്യക്ഷപ്പെട്ടാൽ, കള്ളച്ചിരി ഉള്ളിൽ വിടരും.

പൂർണ്ണ ബുദ്ധിവികാസം വരുമ്പോൾ ബുദ്ധിപരതയിൽ പൊതിഞ്ഞ, തീക്ഷ്ണ ധിഷണയിൽ ആഴ്ന്ന ഫലിതം എല്ലാവരേയും ഉത്തേജിപ്പിക്കുന്നു. ചിരിക്കുടുക്കകൾ ഇണയെ എളുപ്പം കണ്ടെത്തുന്നു.

## 2
## പിരിമുറുക്കം അയയ്ക്കുന്ന ഹാസ്യം

ആദ്യം നാം കരഞ്ഞു; പിന്നെ, ചിരിച്ചു. ചിരി ഏതു വികാരവും പോലെ പകർച്ച വ്യാധിയാണ്. തലച്ചോറിൽനിന്നും വിദൂരമല്ലാത്ത മുഖപേശികളെ അത് പ്രവർത്തനക്ഷമമാക്കുന്നു. പിരിമുറുക്കം അഴിക്കുന്നു. മുഖപേശികളുടെ ബന്ധങ്ങൾ ചലിപ്പിക്കുന്ന, എല്ലാം ഒന്നിൽ അടങ്ങിയ ഒറ്റമൂലി യോഗാഭ്യാസമാണ് ചിരി. അതിന്റെ ലഹരി അടങ്ങുമ്പോൾ പേശികൾ വിശ്രാന്തിയോടെ ഉറങ്ങുന്നു.

## 3
## ദു:ഖത്തിൽ നിന്നും പിറക്കുന്ന ചിരി

ചിരിപ്പിക്കുന്നവന്റെ അന്ത:രംഗം അഴിച്ചു നോക്കിയാൽ, ഏറ്റവും വലിയ ദു:ഖം പേറുന്ന, രക്തത്തിൽ തുടിക്കുന്ന, ചങ്കിന്റെ ശംഖനാദം കേൾക്കാം. കരഞ്ഞു ചിരിക്കുന്ന സ്വകാര്യ വ്യഥയുടെ കരിയുന്ന മണം പേറുന്ന മനം കാണാം. "മേരെ നാം ജോക്കറി"ലെ തനിയേയിരുന്നു കരയുന്ന കോമാളി, മരണമെന്ന സങ്കീർണ്ണ ദു:ഖത്തിന്റെ പ്രതീകമാണ്. ഒരു പക്ഷേ, ഹാസ്യസാഹിത്യകാരന്മാരിൽ പലരും, മദ്യത്തിൽ മുങ്ങി, സ്വകാര്യ ദു:ഖത്തിനു അവധി കൊടുക്കുന്നത് ഇതുകൊണ്ടു കൂടിയായിരിക്കാം.

## 4
## എന്ത് ചിരിപ്പിക്കുന്നു?

എല്ലാതും എല്ലാവരേയും ചിരിപ്പിക്കുന്നില്ല. ഇക്കാര്യം അന്വേഷകരുടെ -- ഭാഷാശാസ്ത്രജ്ഞരുടെയും മന:ശാസ്ത്രജ്ഞരുടെയും -- ശ്രദ്ധാവിഷയങ്ങളായിരുന്നു. "Humour and Its Relation to the Unconscious" എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ സിഗ്മൊണ്ട് ഫ്രോയിഡ്, നമ്മുടെ അബോധമനസ്സ് നെയ്യുന്ന നർമ്മനൂലിനെ ഇഴപിരിച്ചു കാണിക്കുന്നു. ഈ ഗ്രന്ഥത്തിൽ അന്ന് പ്രചാരത്തിലുണ്ടായിരുന്ന ധാരാളം യഹൂദനർമ്മങ്ങൾ ഉദാഹരിച്ചിരിക്കുന്നു. "ഹാസസാഹിത്യം" എന്ന ഗ്രന്ഥത്തിൽ മാരാരും, ഭാരത സംസ്കാരത്തിലൂന്നി ചിരിയുടെ ആവിർഭാവവും അന്തർധാരയും കണ്ടെത്തുന്നു.

## 5
## നമ്മെ ചിരിപ്പിച്ചവർ

ചാക്യാരിലും നമ്പ്യാരിലും നാം നർമ്മത്തിന്റെ സംസ്കൃതിയും ജനകീയതയും കണ്ടു. ഇ.വി.യും സഞ്ജയനും വി.കെ.യെന്നും നമ്മെ പല രീതിയിൽ ചിരിപ്പിച്ചു. സ്വയംവിമർശനത്തിന്റെ അലകൾ നമ്മെ ചൊടിപ്പിച്ചു; ചിരിപ്പിച്ചുചിന്തിപ്പിച്ചു. സരസകവിയും വികടസരസ്വതിയും നമ്മെ ആശ്ലേഷിച്ചു. നമ്പൂരിഫലിതവും സർദാർജോക്കും നാം ആസ്വദിച്ചു.

ഹാസ്യകഥാപാത്രം സിനിമാനാടകങ്ങളിൽ സ്ഥിരസ്ഥാനം നേടി. അവർ വിദഗ്ദ്ധരുടെ പട്ടികയിൽ ഇടംപിടിച്ചു. ചാർളി ചാപ്ലിനും, നാഗേഷും, എസ്.പി. പിള്ളയും, ബഹദൂറും, ശങ്കരാടിയും, അടൂർ ഭാസിയും, ഇന്നസെന്റും, മമ്മുക്കോയയും, ഇന്ദ്രൻസും, ഹരിശ്രീ അശോകനും, സിറാജ് വെഞ്ഞാറമൂടും മറ്റും വിവിധ രീതിയിൽ നമ്മെ ചിരിപ്പിച്ചു.

## 6
## ഹാസ്യ മാസികകൾ

സരസൻ, നർമ്മദ, രസികൻ, അസാധു തുടങ്ങിയവ മലയാളത്തിലും, ശങ്കേർസ് വീക്കിലി, പഞ്ച്, ന്യു യോർക്കർ എന്നിവ ഇംഗ്ലീഷിലും കാർട്ടൂൺ പ്രധാനമായ ഹാസ്യ വിഭവങ്ങൾ നമുക്കു വിളമ്പി. ശങ്കറും മന്ത്രിയും തന്ത്രിയും, ഷാനനും ഗ്രിഗറിയും ഇഷ്ട വരപ്പുകാരായി. രാഷ്ട്രീയത്തിലെയും ജീവിതത്തിലെയും നർമ്മ ഭാവങ്ങൾ നാം രസിച്ചു. കാരിക്കേച്ചറും കോമിക്കും വ്യവസായമായി വികസിച്ചു. ബോബനും മോളിയും, ഫലിത ബിന്ദുക്കളും മനോരമ ആഴ്ചപ്പതിപ്പിലെ വിശിഷ്ട ഭോജ്യങ്ങളായി. "ജനനി"യിലെ പോക്കറ്റ്

കാർട്ടൂണുകൾ ആസ്വാദ്യകരങ്ങളായി. 1959-ലെ ഒരു ഉത്തരക്കടലാസിൽ “വിദ്യാഭ്യാസബില്ല് നടപ്പാക്കുന്നതിൽ മുഖ്യമന്ത്രിയുടെ മർക്കടമുഷ്ടി വിജയിക്കുമോ?” എന്ന കാർട്ടൂൺ തലക്കെട്ട് “വാക്കുവെച്ച് വാചകം എഴുതുക” എന്ന ചോദ്യത്തിന് “മർക്കടമുഷ്ടി”യ്ക്ക് ഉദാഹരണമായി മാറ്റി.

## 7
## ലക്ഷ്യം തേടുന്ന ചിരിയുടെ ലക്ഷണങ്ങൾ

എന്താണ് ചിരിപ്പിക്കുന്നത്? അല്ലെങ്കിൽ, ചിരിക്കു പിന്നിലെ ശരീരശാസ്ത്ര രഹസ്യവും കാവ്യനീതിയും എന്ത്? വിശകലനത്തിനു എളുപ്പം വെളിപ്പെടുന്നതല്ല ഉൾക്കാമ്പ്.

ഒട്ടുമിക്ക വികാരങ്ങളിലും ചിരിയുടെ അംശം അന്തർലീനമാണ് — പ്രധാന ഭാവത്തിൽ ഹാസ്യം മറഞ്ഞിരിക്കും. ചിരി, മുഖത്തെ മാംസപേശികളുടെ വെറും വികാസവും സങ്കോചവും മാത്രമല്ല. അശുഭാപ്തിചിന്ത ഉൽപ്പാദിപ്പിക്കുന്ന വിഷരാസാംശം ന്യൂറോണിൽനിന്ന് പുറന്തള്ളാൻ സഹായിക്കുന്ന ശക്തിവാഹകൻ കൂടിയാണ്.

നർമ്മരസം ചുരത്തുന്ന വ്യത്യസ്ത സന്ദർഭങ്ങൾ ഓർമ്മയിൽ തിരിച്ചറിഞ്ഞ്, അതിന്റെ മൂലഹേതുക്കളെ പട്ടികയാക്കിക്കുറിക്കട്ടെ. ശ്രീ. ജോസ് ചെരിപ്പുറത്തിന്റെ “അളിയന്റെ പടവലങ്ങ” എന്ന കഥാ-ലേഖന സമാഹാരത്തിൽനിന്നും ഉദാഹരിക്കാൻ ശ്രമിക്കാം. ഓരോ അക്കവും നർമ്മം ഉണ്ടാക്കുന്ന ഓരോ സന്ദർഭം രേഖപ്പെടുത്തുന്നു. ഇവിടെ തരംതിരിച്ചു പറയുന്ന കാര്യങ്ങൾക്കു പുറമെയും വകുപ്പുകൾ കണ്ടേക്കാം.

**1. വൈരുദ്ധ്യം കാണുമ്പോൾ:**

അങ്ങേത്തലയ്ക്കലും ഇങ്ങേത്തലയ്ക്കലും കിടക്കുന്ന രണ്ടു ദൃശ്യങ്ങൾ, ഹാസ്യമോ പുച്ഛമോ പരിഹാസമോ കലർന്ന ചിരി നമ്മിലുണർത്തുന്നു.

കാടുപോലെ താടിയുള്ള ഒരാളും പൂർണ്ണ കഷണ്ടിയുള്ള മറ്റൊരാളും കൂടിയുള്ള ഫോട്ടോ കണ്ടാൽ ആദ്യം ശ്രദ്ധ പതിയുക മുടിയെന്ന മാദ്ധ്യമത്തിലെ വൈരുദ്ധ്യത്തിലാണ്. കൂളനും കോലനും, എല്ലനും മല്ലനും, സുന്ദരിയും വിരൂപയും എല്ലാം നമ്മിൽ വൈരുദ്ധ്യാത്മകതയിൽ നിന്നും ജനിക്കുന്ന ഹാസ്യം പ്രകടമാക്കുന്നു. ലോറെൽ-ഹാർഡി ജോഡി രംഗത്ത് വരുമ്പോഴേക്കും ജനം ചിരിതുടങ്ങും.

മുടിയെക്കുറിച്ച് ഐ. എസ്സ്. ജോഹർ പറഞ്ഞ തമാശ കേൾപ്പിക്കാം: അദ്ദേഹം ബ്ലിറ്റ്സ് വാരികയിൽ ചോദ്യോത്തര പംക്തി കൈകാര്യം ചെയ്തിരുന്നു.

*** ഒരു ചോദ്യം ഏകദേശം ഇങ്ങനെ: “എന്താ, താങ്കളുടെ തലയിൽ മുടിയൊന്നും കാണുന്നില്ലല്ലോ?”
ഉത്തരം: “ഷോറൂമിൽ വളരെക്കുറച്ച് പ്രദർശിപ്പിച്ച്, ഗോഡൌണിൽ ചരക്കു സൂക്ഷിക്കുന്ന പ്രകൃതക്കാരനാണ് ഞാൻ.”
*** അദ്ദേഹത്തിന്റെ പംക്തിയിൽനിന്നും മറ്റൊരു ഉദാഹരണം:
ചോദ്യം: “Why women like bald men?”

ഉത്തരം: "They are more naked than others."
അതുകൊണ്ടാണ് അദ്ദേഹം തൊപ്പിയോ തലമൂടിയോ അണിയാത്തതെന്ന് ധ്വനി.

**2. സാജാത്യ-വൈജാത്യങ്ങൾ:**

വാക്കിലും പ്രവൃത്തിയിലും വ്യത്യാസം കാണുമ്പോൾ ഉള്ളിൽ ചിരിയൂറും.

*** വേശ്യയുടെ ചാരിത്രപ്രസംഗം കേൾക്കുമ്പോൾ;
*** അച്ചടക്കം ഇല്ലാത്തോർ അച്ചടക്കത്തെക്കുറിച്ച് വായിടുമ്പോൾ;
*** തമോഗുണം ഉള്ളിലുള്ളോർ സത്ത്വഗുണത്തെക്കുറിച്ച് എഴുതുമ്പോൾ;
*** ശാസ്ത്രബോധമില്ലാത്തോർ ശാസ്ത്രത്തെക്കുറിച്ച് പ്രസംഗിക്കുമ്പോൾ;
*** പ്രബോധനവും പരിശീലനവും തമ്മിൽ ബന്ധം കാണാതെ വരുമ്പോൾ;
*** വൈദ്യാ, താങ്കൾ ആദ്യം താങ്കളെത്തന്നെ ചികിത്സിക്കൂ എന്ന് വായിക്കുമ്പോൾ.

ഒരു കാർട്ടൂൺ കേപ്ഷൻ: ഡോക്ടറെ കാണാൻ രോഗി കാത്തിരിക്കുന്നു. കുറച്ചു കഴിഞ്ഞ് ഡോക്ടർ എത്തുന്നു — വിഷമിച്ച് ഏന്തിയേന്തി കൂനിക്കൂടി നടന്നുവരുന്ന ഡോക്ടർ. കേപ്ഷൻ ഇങ്ങനെ: "ഡോക്ടറെ കണ്ടപ്പോൾത്തന്നെ രോഗം പോയി."

**3. തല ചെയ്യേണ്ടത് വാൽ ചെയ്യുമ്പോൾ:**

കാര്യവും കാരണവും, പ്രവൃത്തിയും ഫലവും മാറിമറയുമ്പോൾ ചുണ്ടുകൾ സ്വാഭാവികമായി വിടരും. ഭിക്ഷക്കാരനോട് "ഇവിടെ ഒന്നുമില്ല" എന്നു പറയാനുള്ള അവകാശം തന്റേതു മാത്രമാണെന്ന, അല്ലാതെ വീട്ടിലെ കുട്ടിയുടേതല്ല എന്ന അമ്മാവന്റെ ഭാവം കാണുമ്പോൾ നാം ചിരിച്ചു പോകുന്നത് അതുകൊണ്ടാണ്.

**4. വാക്കുകളും ചിഹ്നങ്ങളും സ്ഥാനം മാറുമ്പോൾ:**

*** "സ്ത്രീ; ധനംകൊണ്ടു മാത്രം ജീവിക്കുന്നില്ല" എന്ന് ശ്രീ. ജോസ് തലക്കെട്ടു കൊടുക്കുമ്പോൾ നാം ചിരിക്കാൻ മുണ്ടു മുറുക്കുന്നു. ഒരു കോമയോ സെമിക്കോളനോ വരുത്തുന്ന വിനയും ശക്തിയും ആസ്വദിക്കുന്നു. ചില അവസരങ്ങളിൽ ചിരിച്ചു ദു:ഖിക്കുന്നു.
*** "കണ്ണുകൊണ്ട് കേൾക്കലും കാതുകൊണ്ട് കാണലും" എന്റെ കവിതയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പല ബുദ്ധിജീവികളും ചിരിച്ചത് അതുകൊണ്ടാണ്.
*** അധാർമ്മികമായി, ഒളിഞ്ഞിരുന്ന് വെടിവെക്കുന്ന "വിദ്യാധരൻ" എന്ന ഇ-മലയാളിയിലെ സ്യൂഡോ-നിരൂപകനെ മറ്റൊരു ഒളിവീരൻ "കൂലീധരനെ"ന്നു വിളിക്കുമ്പോൾ നാം ചിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്.

**5. വാക്കുകൾ കുറുക്കിയും മുറുക്കിയും അർത്ഥം ധ്വനിപ്പിക്കുമ്പോൾ:**

ശ്രീ. ജോസിന്റെ ഒരു കഥയിൽ, "ആർഷഭാരത സംസ്കാര കലാകേന്ദ്ര"ത്തെ "ആ.ഭാ.സം." കലാകേന്ദ്രമെന്ന് സംക്ഷിപ്ത രൂപത്തിൽ അവതരിപ്പിക്കുമ്പോൾ ഹാസ്യഭാവം താനേ വരുന്നു. അതുപോലെ, 4 Sale, CU Later എന്നീ ചുരുക്കരൂപങ്ങൾ ശ്രീ. ജോസിന്റെ ലേഖനത്തിനിടയിൽ കണ്ണിൽ പെടുമ്പോഴും മന്ദസ്മിതം പൊടിയുന്നു. പലപ്പോഴും പുതിയ അർത്ഥതലം വന്നു കൂടുന്നു. "Brevity is the soul of wit" എന്ന ഹേംലെറ്റിലെ പൊളോണിയസ്സിന്റെ സംഭാഷണം

ഓർക്കുക.

**6. കുറിക്കുകൊള്ളു(ല്ലു)ന്ന മറുപടി:**

ഫ്രോയിഡിന്റെ തന്നെ ഒരു ഉദാഹരണമാകട്ടെ:

*** തന്റെ മുഖസാദൃശ്യമുള്ള ഒരാളെ കണ്ട രാജാവ്: “എന്താ, തന്റെ അമ്മ എന്റെ അച്ഛന്റെ കൊട്ടാരത്തിലെ അടുക്കളക്കാരിയായിരുന്നോ?”
മറുപടി: “അല്ല തിരുമേനി; എന്റെ മരിച്ചുപോയ അച്ഛൻ അങ്ങയുടെ അച്ഛൻ-രാജാവിന്റെ തേരാളിയായിരുന്നു.”
*** “കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുതെ”ന്ന് പൊക്കക്കാരൻ പറയുമ്പോൾ, “ഉയരോം വിവരോം ഒന്നിച്ചു വരില്ലെ”ന്ന് കൂളൻ.
*** ഇ.എം.എസ്സിനോട് പത്രക്കാരൻ: “നിങ്ങൾ എല്ലായ്പ്പോഴും വിക്കുമോ?” ബുദ്ധികേസരിയായ തിരുമേനി: “ഇല്ല, സംസാരിക്കുമ്പോൾ മാത്രമേ വിക്കുകയുള്ളൂ.”
*** വിവാഹത്തിന്റെ ആദ്യരാത്രി ആഘോഷിക്കുന്നതിനിടയിൽ വാതിലിൽ മുട്ടുകേട്ട ചെറുക്കൻ ചാടിയെഴുന്നേറ്റ് ജനൽവഴി പുറത്തുചാടാൻ തുടങ്ങിയപ്പോൾ, ഷർട്ടിനു പിടിച്ച് പെണ്ണ്, “കാശ് തന്നു പോ!” എന്ന്.

**7. മറ്റുള്ളവരുടെ പരാജയം/ദുരന്തം/തെറ്റുകൾ കാണുമ്പോൾ:**

ശക്തന്റെ വീഴ്ച സന്തോഷം കൊടുക്കുന്നു, പലർക്കും.

*** ലെനിന്റെയും, സദ്ദാം ഹുസൈന്റെയും പ്രതിമകൾ തകർന്നു വീണപ്പോൾ ചിരിച്ചവർ ധാരാളം!
*** പഴത്തൊലി ചവുട്ടി വീഴുമ്പോഴും സഹതാപത്തിനു മുമ്പ് നമുക്ക് അനുഭവപ്പെടുക അതിലെ ഹാസ്യമാണ്.
*** നരകത്തിലെത്തുന്ന ശ്രീ. ജോസിന്റെ ഒരു കഥാപാത്രം ദുരിതങ്ങളോടു പ്രതികരിച്ചപ്പോൾ കിട്ടിയ മറുപടി: “നീ ഇപ്പോൾ പെർമനെന്റ് വിസയിലാണ്.”

**8. താരതമ്യം/അന്തരം ഉണർത്തുന്ന ചിരി:**

ശ്രീ. ജോസിന്റെ പുസ്തകത്തിൽനിന്നുതന്നെയാകട്ടെ ഉദാഹരണങ്ങൾ. ചില സന്ദർഭങ്ങൾ വിശദീകരിക്കുന്ന വേളയിൽ താരതമ്യം ചെയ്യുന്ന പ്രസ്താവനകൾ അനുബന്ധമായിച്ചേർത്ത് അദ്ദേഹം ഹാസ്യം പൊടിപ്പിക്കുന്നു.

*** “... പ്രതീക്ഷിക്കാത്ത സമയത്തു കയറിവന്ന പിരിവുകാരനെപ്പോലെ ...”
*** “... ഭാര്യയെ പിരിഞ്ഞിരിക്കുന്ന അമേരിക്കൻ നവവരനെപ്പോലെ ...”

**9. വ്യക്തികളുടെയും സ്ഥലത്തിന്റെയും പേരിലുള്ള നർമ്മം:**

*** കോങ്കണ്ണിയെ താമരാക്ഷി എന്നു വിളിക്കുമ്പോൾ നാം ചിരിക്കുന്നു.
*** ശ്രീ. ജോസിന്റെ കഥയിലെ ഘടോൽക്കചൻ പിള്ളയും, ഭദ്രകാളി കുഞ്ഞമ്മയും പേരിൽ നിന്നുതന്നെ ചിരിപൊട്ടിക്കുന്നു.
*** അന്തരിച്ച അനുഗൃഹീത നടൻ ശ്രീ. ജോസ് പ്രകാശിനെ “കുഞ്ഞാപ്പു” എന്ന

ഓമനപ്പേരിലാണ് വീട്ടുകാരും സുഹൃത്തുക്കളും വിളിച്ചിരുന്നതത്രെ. അതുകേട്ട ഒരു "പുച്ഛ"ഗുണക്കാരൻ, "എന്റെ നാട്ടിലെ പ്രമാണിയും, എന്നാൽ അൽപസ്വല്പം ചട്ടമ്പിത്തരവുമുള്ള കുഞ്ഞാപ്പുവാണ് താങ്കൾ" എന്ന് തെറ്റിദ്ധരിച്ചെന്ന് തമാശ പറഞ്ഞു. അയാളുടെ ശിങ്കിടി ശ്രീ. ജോസ് പ്രകാശിനോട്, "എന്താ ജോസേട്ടാ, ഓമനപ്പേര് മാറ്റുന്നുണ്ടോ"യെന്ന് അടക്കം പറഞ്ഞത്രെ. എങ്കിലും, നടനെ നാം ഇടക്കെങ്കിലും ഓർക്കുന്നുണ്ട്.
*** ഒബാമയെ ഒസാമയെന്ന് അക്ഷരത്തെറ്റൊടെ എഴുതുന്ന പ്രതിയോഗികൾ നമ്മെ പെട്ടെന്ന് ചിരിപ്പിക്കുമെങ്കിലും, അദ്ദേഹം സ്വന്തം പേര് അഭിമാനത്തോടെ തുടരുന്നു.

**10. അത്ഭുതം ഹാസ്യമാകുന്നത്:**

അത്ഭുതത്തിൽ നിന്നും ചിലപ്പോഴെങ്കിലും ഹാസ്യം ഉടലെടുക്കുന്നു.

*** ഒരു മുതലാളിയുടെ സ്വർഗ്ഗപ്രവേശനം ദൈവവും കൂട്ടരും പതിവില്ലാത്ത രീതിയിൽ ആഘോഷിക്കുന്നതുകണ്ട സ്വർഗ്ഗവാസി കാരണം ആരാഞ്ഞപ്പോൾ, ദൈവം ശ്രീ. ജോസിന്റെ ഒരു കഥയിൽ പറഞ്ഞു: "നൂറു വർഷമായി ഒരു മുതലാളി സ്വർഗ്ഗത്തിൽ എത്തിയിട്ട് ..." ഇവിടെ ഒട്ടകവും സൂചിക്കുഴയും എന്ന ആശയം ആരെയും ചിരിപ്പിക്കുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു.
*** പത്മശ്രീപോലും കിട്ടാത്തവന് നോബൽ സമ്മാനം കിട്ടുമ്പോൾ ആരാണ് ചിരിക്കാതിരിക്കുക. ഇനി അദ്ദേഹത്തിനു പത്മവിഭൂഷൻ കൊടുക്കുമ്പോഴും ഹാസ്യം ചുണ്ടിൽ വിരിയും.

**11. സഭ്യമല്ലാത്തതും നിഷിദ്ധവുമായ കാര്യങ്ങൾ:**

"നല്ല ഫലിതം അശ്ലീലത്തിന്റെ വക്കോളമെത്തും, എന്നാൽ അശ്ലീലം ആകുകയുമില്ല" എന്ന് നർമ്മത്തിന്റെ മർമ്മമറിഞ്ഞ നമ്മുടെ പൂർവ്വികർ കണ്ടെത്തിയിട്ടുണ്ട്. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ വിലക്കപ്പെട്ട കാര്യങ്ങളും ചെയ്തികളും ശരീരഭാഗങ്ങളും –– അത് ലൈംഗികതയെക്കുറിച്ചല്ലെങ്കിൽ തന്നെയും –– ഫലിതരൂപത്തിൽ പുറത്തു വരുമത്രെ. അശ്ലീലഫലിതം കേൾക്കുമ്പോൾ, "മോശം, മോശം .." എന്ന് ഉറക്കെ പുറത്തുപറഞ്ഞ് ഉള്ളിൽ ചിരിച്ചാസ്വദിക്കുന്നതും അതുകൊണ്ടാണ്.

*** ഈ വിഭാഗത്തിൽപ്പെട്ട ഒരു ഇംഗ്ലീഷ് കടങ്കഥപ്ഫലിതം:
"What hangs at a man's thigh and wants to poke the hole that it's often poked before?"
Answer: A key."

**12. കലങ്ങിത്തെളിയുമ്പോൾ മന്ദഹസിക്കുന്നു:**

പ്രഹേളികയ്ക്ക് ഉത്തരം കിട്ടുമ്പോൾ പതുക്കെ പുഞ്ചിരിക്കുന്നു. ഉത്തരമില്ലാത്ത/ബുദ്ധിമുട്ടുള്ള "കണക്കി"നു പരിഹാരം കണ്ടെത്തുമ്പോൾ നാം മന്ദഹസിക്കുന്നു.

**13. വിധികർത്താവിന്റെ പുഞ്ചിരി:**

വിധികർത്താവിന്റെ ചുണ്ടുകളിൽ നീതി നടപ്പാക്കിയതിന്റേയോ, നീതി നിഷേധിച്ചതിന്റേയോ ആഹ്ലാദം കാണും. ഒളിത്തോക്കുകാരന്റെ ക്രൂരമായ അട്ടഹാസവും ഈ

വിഭാഗത്തിൽ പെടുത്താം. തമാശയിലൂടെ കാര്യം പറയുമ്പോഴും ചിരിതന്നെ മുഖ്യഭാവം. ഒരാളുടെ തെറ്റുകുറ്റങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ പ്രകടിപ്പിച്ച് നിർവൃതി നേടുന്നതിലെ രഹസ്യവും മറ്റൊന്നല്ല.

**14. സാക്ഷാൽ പരിഹാസം:**

ഈ വിഭാഗത്തിനു ലക്ഷ്യം കാണിക്കേണ്ട ആവശ്യമേയില്ല. പുച്ഛവും പരിഹാസവും നവരസങ്ങളിലെ അംഗം തന്നെ.

*** "ആൾ വടിയായി, നമുക്കിന്ന് അനുശോചിക്കാം" എന്ന് ശ്രീ. ജോസ് എഴുതുമ്പോൾ, ആത്മാർത്ഥതയില്ലാത്ത അനുശോചനത്തിനു പരിഹാസധാര വീഴ്ത്തി ചികിത്സിക്കുന്നു.

**15. സ്ഥാനംമാറുന്ന/അസ്ഥാനത്തുള്ള അംഗം:**

അനിർവ്വചനീയ സുന്ദരിയായ മോണാലിസയുടെ ചിത്രത്തിനും നിഷ്കളങ്കമായ ശിശുചിത്രത്തിനും മീശ വെപ്പിക്കുമ്പോൾ നാം ചുണ്ടു വിടർത്തുന്നു.

**16. സാമാന്യനിയമങ്ങൾ കളിക്കിടെ ആവശ്യാനുസരണം മാറ്റുന്നതു കാണുമ്പോൾ:**

സ്വന്തം ആവശ്യം കഴിയുമ്പോൾ നിയമങ്ങൾ മാറ്റി സാഹചര്യം തങ്ങൾക്കനുകൂലമാക്കുന്നതു കാണുമ്പോൾ മുഖപേശികൾ അറിയാതെ വികസിക്കുന്നു. രാഷ്ട്രീയക്കാർ മാത്രമല്ല ഇത്തരം അടവു പയറ്റുന്നോർ.

## 8
## അമേരിക്കൻ ഹാസ്യനഭസ്സിൽ ചെരിപ്പുറത്തിന്റെ സ്ഥാനം

മഞ്ഞക്കണ്ണട വെച്ചുനോക്കിയാൽ എല്ലാം മഞ്ഞയാകുന്നു. മഞ്ഞിലും ജോസ് ഹാസ്യക്കണ്ണുകൊണ്ട് ജീവിതം വീക്ഷിക്കുന്നു. പലപ്പോഴും നാം ചിരിച്ചുചിരിച്ചു വയറു കുലുക്കുന്നു.

*** കുമ്പസാരത്തിൽ പാപങ്ങൾ ഏറ്റുപറയുമ്പോൾ "വെടിക്കെട്ടി"ന്റെ ശബ്ദം ചെകിടടയ്ക്കുന്നു.
*** "എങ്കിലും എന്റെ ദൈവമെ" എന്ന കുഞ്ഞവറാച്ചന്റെ കഥയിൽ, വിസിറ്റിങ് വിസയും ഗ്രീൻ കാർഡും തമ്മിലുള്ള അന്തരം അന്യാപദേശ രൂപത്തിൽ വികസിപ്പിച്ചിരിക്കുന്നു — ആദ്യം വരുമ്പോൾ അതിഥിയാകുന്നു; ചിരപരിചയത്തിൽ അതിഥി അസാധുവാകുന്നു എന്ന ആശയത്തിനെ സാധൂകരിച്ചുകൊണ്ട്.

ജോസിന്റെ മനസ്സ് കൂടുതൽ വ്യാപരിക്കുന്നത് അദ്ദേഹത്തിനു സുപരിചിതമായ പള്ളി, അമേരിക്കൻ സ്വപ്നം, അമേരിക്കൻ മലയാളിയുടെ ജീവിതരീതികൾ എന്നിവയിലാണ്. അതിൽ യാതൊരു തെറ്റുമില്ല. ജനകീയനായ ജോസ് ചെരിപ്പുറത്തിന്റെ സൃഷ്ടികൾ അമേരിക്കൻ മലയാളിയെ ചിരിപ്പിക്കുന്നതിനുള്ള കാരണംതേടി അകലങ്ങൾ സഞ്ചരിക്കേണ്ടതില്ല.

മലയാളത്തിലെ ഹാസ്യസാഹിത്യനഭസ്സിലെ നക്ഷത്രങ്ങളുമായി അമേരിക്കയിലെ

ഹാസ്യസാഹിത്യപ്രതിഭകളെ താരതമ്യം ചെയ്യുകയാണെങ്കിൽ, എല്ലാവരും "വേളൂർ കൃഷ്ണൻക്കുട്ടിയുടെ വിദ്യാലയ"ത്തിൽ ശിക്ഷണം ലഭിച്ചവരെന്നു തോന്നും. ഇവിടെ ഏറ്റവുമധികം ഹാസ്യം സൃഷ്ടിച്ചിട്ടുള്ള ശ്രീ. രാജു മൈലപ്രയും, അതുപോലെ ശ്രീ. സുധീർ പണിക്കവീട്ടിലും, ശ്രീ. ജോൺ ഇളമതയും മറ്റും ഈ കണ്ടെത്തലിനോട് യോജിക്കുമെന്ന് കരുതുന്നു.

"അളിയന്റെ പടവലങ്ങ" എന്ന പുസ്തകത്തിലെ 24-മത്തെ സൃഷ്ടിയായ "ഇതെന്തൊരു സൃഷ്ടി" എന്നതിന്റെ അക്ഷരാർത്ഥം, ചുരുക്കം ചില സന്ദർഭങ്ങളിൽ നാം തമാശയോടെ വായനയ്ക്കിടയിൽ ആവർത്തിച്ചേക്കാം. മൗലികതയുള്ള ധാരാളം ആശയങ്ങൾ, അടുത്തറിഞ്ഞ ജീവിത നിരീക്ഷണത്തിലൂടെ ശ്രീ. ജോസ് കഥാ-ലേഖനങ്ങളാക്കിയിട്ടുണ്ട്. കേട്ടും വായിച്ചും അറിഞ്ഞ ഫലിതമാകുന്ന അസ്ഥികൂടത്തിനു ചുറ്റും മാംസം കുത്തി നിറച്ച് ഖണ്ഡങ്ങൾ ഉണ്ടാക്കിയ ചില സന്ദർഭങ്ങൾ നാം തിരിച്ചറിഞ്ഞേക്കാം. എന്നാൽ, ആദ്യമായി കേൾക്കുന്ന വായനക്കാരനെ അത് രസിപ്പിക്കുകയും ചെയ്യും.

അമേരിക്കയിലെ ഹാസ്യസാഹിത്യകാരന്മാരിലെ പ്രമുഖനെ ഒന്നാം ബെഞ്ചിൽ ഒന്നാമനാക്കി പ്രതിഷ്ഠിക്കാനുള്ള വോട്ടെടുപ്പിൽ, രണ്ടു പേർക്ക് തുല്യ വോട്ട് കിട്ടുകയാണെങ്കിൽ, എന്റെ കാസ്റ്റിങ് വോട്ട് ശ്രീ. ജോസ് ചെരിപ്പുറത്തിനുള്ളതായിരിക്കും!
**************************************************************************************************************************************